17112
17/9/12

നം.എം.4/57491/2012/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 10-9-2012.

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.

സർ,

വിഷയം:- ഒക്ടോബർ 13-അന്താരാഷ്ട്ര ദുരന്തലഘൂകരണദിനം സ്കൂൾതല മത്സരം-സംബന്ധിച്ച്.

സൂചന:- 22-8-2012-ലെ എൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഡയറക്ടറുടെ ഐ.എൽ.ഡി.എം./1013/12/ജെ.1 നം.കത്ത്.

&&&&&

ഐക്യരാഷ്ട്ര സഭയുടെ ആഹ്വാനപ്രകാരം ദുരന്തലഘൂകരണ ദിനമായി ആചരിക്കുന്ന ഒക്ടോബർ 13-നോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി ദുരന്തലഘൂകരണം എന്ന വിഷയത്തിൽ ഒരു മത്സരം സംഘടിപ്പിക്കുന്നു. ടി മത്സരം നടത്തുന്നതിനാവശ്യമായ നിർദ്ദേശം എല്ലാ പ്രഥമാദ്ധ്യാപകർക്കും നൽകേണ്ടതാണ്. ആയതിന്റെ വിശദവിവരങ്ങൾ അടങ്ങിയ കത്തിന്റെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തയോടെ,
(ഒപ്പ്)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എ.കെ.വി 13-9-2012

ILDM

# INSTITUTE OF LAND AND DISASTER MANAGEMENT

*(An Autonomous Body constituted by Revenue Department, Govt. of Kerala)*

**P.T.P Nagar, Thiruvananthapuram – 38.**

THE DIRECTOR OF PUBLIC INSTRUCTION
27 AUG 2012
C58033

നം: ഐ.എൽ.ഡി.എം/1013/12/ജെ1 തീയതി: 22.08.2012

പ്രേക്ഷിതൻ
ഡയറക്ടർ
ഐ.എൽ.ഡി.എം

സ്വീകർത്താവ്
ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (DPI)
ജഗതി, തിരുവനന്തപുരം

സർ,

വിഷയം: ഒക്ടോബർ 13-അന്താരാഷ്ട്ര ദുരന്തലഘൂകരണദിനം - സ്കൂൾതല മത്സരം സംബന്ധിച്ച്.

മേൽവിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ ആഹ്വാനപ്രകാരം ദുരന്തലഘൂകരണദിനമായി ആചരിക്കുന്ന ഒക്ടോബർ 13 നോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി ദുരന്തലഘൂകരണം എന്ന വിഷയത്തിൽ ഒരു മത്സരം സംഘടിപ്പിക്കുന്നു. സ്കൂളുകളിൽ ഉണ്ടാകാൻ സാധ്യതയുള്ള തീപിടുത്തം, ഭൂമികുലുക്കം, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ ഇവയിലേതിലെങ്കിലും ഒരു ദുരന്തം നേരിടുന്നതിനുള്ള ഒരു സ്കൂൾതല ദുരന്തലഘൂകരണ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനാണ് മത്സരം. ദുരന്തം സംഭവിക്കുമ്പോൾ ഈ പദ്ധതി എപ്രകാരം പ്രാവർത്തികമാക്കണമെന്നും രക്ഷാപ്രവർത്തനങ്ങൾ ഏതെല്ലാം വിധത്തിൽ നടത്തണമെന്നും, വിദ്യാർത്ഥികളെ ദുരന്ത മുഖത്ത് നിന്ന് എപ്രകാരം ഒഴിപ്പിക്കണമെന്നും, രക്ഷാപ്രവർത്തനങ്ങൾക്ക് ആരായിരിക്കണം മേൽനോട്ടം വഹിക്കേണ്ടതെന്നും സ്കൂൾ അധ്യാപകരുടെ ചുമതല എന്തായിരിക്കണമെന്നും ഇതിൽ പ്രതിപാദിച്ചിട്ടുണ്ടാവണം. ഏതു ദുരന്തത്തെപ്പറ്റിയാണോ രൂപരേഖ തയ്യാറാക്കുന്നത് ആ ദുരന്തത്തെപ്പറ്റിയുള്ള ചെറുവിവരണവും ദുരന്തങ്ങളിൽ നിന്ന് രക്ഷനേടാനുള്ള എല്ലാ നടപടിക്രമങ്ങളും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. സ്കൂൾതലത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കുന്ന രൂപരേഖകൾ മാത്രമേ മത്സരത്തിന് പരിഗണിക്കുകയുള്ളൂ.

പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ സ്കൂൾ ദുരന്തനിവാരണ പ്ലാനിന്റെ രൂപരേഖ നാലു പേജ് (2000 വാക്ക്) കവിയാൻ പാടുള്ളതല്ല. ടൈപ്പ് ചെയ്തോ ഭംഗിയായി

എഴുതിയോ സമർപ്പിക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് പ്രൊപ്പോസലുകൾക്ക് അയ്യായിരം രൂപ വീതം പാരിതോഷികമായി നൽകുന്നതാണ്. സമ്മാനത്തുകകളുടെ പകുതി സ്കൂൾ പ്രിൻസിപ്പൽ മുഖേന തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പേരിൽ കൈമാറുന്നതും പൂർണ്ണരൂപത്തിലുള്ള പ്ലാൻ അയച്ചുതരുന്ന മുറയ്ക്ക് മുഴുവൻ സമ്മാനത്തുകയും കൈമാറുന്നതുമാണ്. ആദ്യഗഡു ലഭിച്ച ശേഷം ഏതെങ്കിലും കാരണത്താൽ പ്രോജക്ട് പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ തുക സർക്കാരിലേക്ക് തിരികെ ഏൽപ്പിക്കേണ്ടതാണ്. പൂർണ്ണരൂപത്തിലുള്ള പ്ലാൻ (ചിത്രങ്ങൾ ഉൾപ്പെടെ) സമർപ്പിക്കാൻ 6 മാസം സമയം ഉണ്ടാകും. കൂടുതൽ വിവരങ്ങൾ www.ildm.kerala.gov.in എന്ന മേൽവിലാസത്തിലോ 0471-2369997 എന്ന ഫോൺ നമ്പറിലോ ലഭ്യമാണ്. എൻട്രികൾ, ഡയറക്ടർ, ഐ.എൽ.ഡി.എം, പി.റ്റി.പി നഗർ, തിരുവനന്തപുരം-38 എന്ന മേൽവിലാസത്തിൽ 2012 സെപ്റ്റംബർ 20-ാം തീയതിക്കു മുൻപായി ലഭിക്കണം. ദുരന്തലഘൂകരണ ദിനാചാരണത്തിന്റെ പ്രാധാന്യം മുൻനിറുത്തി സംസ്ഥാനത്തെ എല്ലാ സ്കൂളിലും ഈ അറിയിപ്പ് ലഭ്യമാക്കാൻ വേണ്ട നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ഡയറക്ടർ